വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 12 .06. 2023

## കൈക്കൂലി വാങ്ങുന്നതിന്നിടയിൽ കേന്ദ്രസർക്കാർ ജീവനക്കാരൻ സംസ്ഥാന വിജിലൻസ് പിടിയിലായി

സെൻട്രൽ ടാക്സ് ആൻഡ് എക്സൈസ് വകുപ്പ് , കല്പറ്റ ഓഫീസിലെ സൂപ്രണ്ടായ ഹരിയാന സ്വദേശി പ്രവീന്ദർ സിംഗിനെ ഒരു ലക്ഷം രൂപ കൈക്കൂലി വാങ്ങുന്നതിന്നിടയിൽ വിജിലൻസ് വയനാട് യൂണിറ്റ് പിടികൂടി.

ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്യുന്ന അവസരത്തിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) കുറവ് ചെയ്യുവാൻ പാടില്ലായെന്നതാണ് നിയമം . എന്നാൽ വയനാട് സ്വദേശിയും പൊതുമരാമത്ത് കരാറുകാരനുമായ പരാതിക്കാരൻ 2018-2019 സാമ്പത്തിക വർഷം ഇൻപുട്ട് ടാക്സ് തുകയായ 1013752/- രൂപ കുറവ് വരുത്തിയാണ് ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്തിരുന്നത്. ആയത് കണ്ടു പിടിച്ച നികുതി വകുപ്പ് ഉദ്യോഗസ്ഥനായ പ്രവീന്ദർ സിംഗ് പലിശ തുകയായ 21035/- രൂപ ഉൾപ്പെടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തുക അടിയന്തിരമായി അടയ്ക്കണമെന്ന് കാണിച്ച് കഴിഞ്ഞ മാസം 22-ന് പരാതിക്കാരന് നോട്ടീസ് നൽകിയിരുന്നു. തുടർന്ന് ഇതേ കുറിച്ച് അറിയുന്നതിന് പരാതിക്കാരൻ സെൻട്രൽ ടാക്സ് ആൻഡ് എക്സൈസ് വകുപ്പ് , കല്പറ്റ ഓഫീസിലെ സൂപ്രണ്ടായ പ്രവീന്ദർ സിംഗിനെ സമീപിക്കുകയും ഈ സമയം മേല്പറഞ്ഞ തുകയ്ക്ക് പുറമേ 5 ലക്ഷം രൂപ കൂടി ഫൈനായി അടയ്ക്കേണ്ടി വരുമെന്നും പിഴ കുറവ് ചെയ്യുന്നതിന് 3 ലക്ഷം രൂപ കൈക്കൂലി നൽകണമെന്നും പ്രവീന്ദർ സിംഗ് അറിയിച്ചു. തുടർന്ന് ആദ്യ ഗഡുവായ ഒരു ലക്ഷം രൂപ ഇന്ന് (12.06.2023-ൽ) എത്തിക്കുന്നതിന് പരാതിക്കാരനോട് ആവശ്യപ്പെട്ടു.

പരാതിക്കാരൻ വിവരം വിജിലൻസ് വടക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ. പ്രജീഷ് തോട്ടത്തിലിനെ അറിയിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം വിജിലൻസ് വയനാട് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. സിബി തോമസിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി ഇന്ന് (12.06.2023) ഉച്ചയ്ക്ക് ശേഷം 3.30 മണിയോടെ കല്പറ്റ സെൻട്രൽ ടാക്സ് ആൻഡ് എക്സൈസ് വകുപ്പ് ഓഫീസിന് പുറത്ത് റോഡിൽ പാർക്ക് ചെയ്തിരുന്ന സ്വകാര്യ കാറിൽ വച്ച് പരാതിക്കാരനിൽ നിന്നും ഒരു ലക്ഷം കൈക്കൂലി വാങ്ങവേ പ്രതിയെ കൈയ്യോടെ പിടികൂടുകയായിരുന്നു. അറസ്റ്റ് ചെയ്ത പ്രതിയെ ബഹു.കോഴിക്കോട് വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി-യെ കൂടാതെ പോലീസ് ഇൻസ്പെക്ടർമാരായ ശ്രീ.ജയപ്രകാശ്, ശ്രീ. മനോഹരൻ, പോലീസ് അസി. സബ് ഇൻസ്പെക്ടർമാരായ ശ്രീ. ബിനോയ്, അജിത്ത്, ബാലൻ, പോലീസ് ഉദ്യോഗസ്ഥരായ സുരേഷ്, സിബിൻ, ഷാജഹാൻ, പ്രമോദ്. ജോൺസൺ തുടങ്ങിയവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.